# Deepika
# 12 August 2018
# Thiruvananthapuram, Heavy Rain, Landslide

## കനത്ത മഴയിൽ മണ്ണിടിഞ്ഞത് 25 സ്ഥലങ്ങളിൽ

**തിരുവനന്തപുരം:** കേരളത്തിൽ കനത്ത മഴയിൽ ഇതുവരെ 25 ഇടങ്ങളിൽ മണ്ണിടിച്ചിലുണ്ടായി. ഇടുക്കിയിൽ 21 സ്ഥലങ്ങളിൽ മണ്ണിടിഞ്ഞു. ചിന്നാറിനടുത്തു മുരിക്കശേരി, അടിമാലി റൂട്ട്, രാജപുരം, കഞ്ഞിക്കുഴി, കൊന്നത്തടി, പനംകുറ്റി, കല്ലാർകുട്ടി, പണിക്കൻകുടി, ഉടുമ്പൻചോല, മൂന്നാർ ലക്ഷ്മി മാങ്കുളം റോഡ്, ആനവിരട്ടി വില്ലേജ്, മീൻമുട്ടി, മാങ്കുളം, പള്ളിവാസൽ (പ്ലം ജൂഡി റിസോർട്ടിനു സമീപം), പാംബ്ള, ഇടശേരിപടിയിൽ, മാങ്കടവു കവല, കൂമ്പൻ പാറ, അമ്പഴച്ചാൽ, ഇരുട്ടുകാനം കല്ലാർ മേഖല, അമ്പലച്ചാൽ ശല്യാംപാറ റോഡ്, ഒടക്കസിറ്റി എന്നിവിടങ്ങളിലാണ് ഇടുക്കിയിൽ മണ്ണിടിഞ്ഞത്.

കണ്ണൂരിൽ കരിക്കൊട്ടക്കരിയിലും മലപ്പുറത്തു പൊങ്കല്ലൂർ പൂച്ചക്കരയിലും വയനാട്ടിൽ മക്കിമലയിലും വൈത്തിരിയിലുമാണു മണ്ണിടിച്ചിലുണ്ടായത്.